# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3303      12.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഗ്രാമവികസന വകുപ്പിലെ കമ്മിറ്റികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.റ്റി.യു. കുരുവിള | | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി |
| (എ) | ഗ്രാമവികസനവകുപ്പിൽ അനുവദിച്ചിരിക്കുന്ന വിവിധ തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ ; | (എ) | ഗ്രാമവികസന വകുപ്പിന് അനുവദിച്ചിരിക്കുന്ന വിവിധ തസ്തികകളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഗ്രാമവികസന വകുപ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാളിതുവരെ എത്ര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; ഈ കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) & (സി) | **ബാബുപോൾ കമ്മിറ്റി** - ഗ്രാമവികസന വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ പ്രശ്നങ്ങളും പ്രൊമോഷൻ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ചും റിപ്പോർട്ട് ചെയ്യപ്പെട്ടതാണ് ബാബുപോൾ കമ്മിറ്റി. (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)<br>**പി.റ്റി.മാത്യു കമ്മിറ്റി** - ശ്രീ.രാജൻ ഖോബ്രഗഡെ കൺവീനറായ ബ്ലോക്ക് പഞ്ചായത്ത് പുനഃസംഘടനയുമായി ബന്ധപ്പെട്ട കമ്മിറ്റിയെയും ബ്ലോക്കു പഞ്ചായത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ടു രൂപീകരിച്ച കമ്മിറ്റിയാണ് ശ്രീ.പി.റ്റി.മാത്യു കമ്മിറ്റി. (പകർപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.) |
| (സി) | പ്രസ്തുത കമ്മിറ്റികളുടെ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതുമായി ബന്ധപ്പെട്ട എത്ര ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | പി.റ്റി.മാത്യു കമ്മിറ്റിയുടെ ശുപാർശകൾ 17.11.2011-ലെ സ.ഉ.(സാധാ) നം.2701/2011/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു; ഇതുമായി |

ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തിക ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലേക്ക് ഉയർത്തി ക്കൊണ്ട് 11/09/2014-ലെ സ.ഉ. (കൈ) നം.159/2014/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്